LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് ചുണ്ണാമ്പ് നിക്ഷേപവും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലും മാനന്തവാടിയിലും വൈത്തിരിയിലും ക്വാർട്ട്സ് നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്ത് ധാതുമണൽ നിക്ഷേപവും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇരുമ്പയിരിന്റെ നിക്ഷേപവും മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിലും പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രദേശത്തും സ്വർണ്ണ നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ നിന്നും ധാതുമണൽ കടത്ത് തടയുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ചേർത്തല താലൂക്കിൽ സിലിക്കാ മണൽ ഖനനവും കടത്തും നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേക സ്ക്വാഡ് പ്രവർത്തിക്കുന്നു. കൂടാതെ Mines and Minerals (Development & Regulation) Act 1957, Mineral Concession Rules 1960, Kerala Minor Mineral Concession Rules 1967 എന്നിവ കർശനമായി പാലിച്ച് വൻകിട ധാതുക്കളുടേയും ചെറുകിട ധാതുക്കളുടേയും ഖനനം നിയന്ത്രിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന്റെ കീഴിൽ കെമിക്കൽ ലബോറട്ടറി, മിനറോളജി ആൻറ് ജെം ടെസ്റ്റിംഗ് ലബോറട്ടറി എന്നീ രണ്ട് ലബോറട്ടറികളാണുള്ളത്. കെമിക്കൽ ലാബിൽ സ്വർണ്ണം, വെള്ളി, ചെമ്പ്, അലുമിനിയം, ഇരുമ്പ് മുതലയായ അയിരുകളും സിലിക്കാ സാൻഡ്, ക്ലേ, പാറ മുതലായ ധാതുക്കളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. കൂടാതെ മണൽ സാമ്പിൾ തരംതിരിച്ച് റിപ്പോർട്ട് നൽകുന്നു. മിനറോളജി ആന്റ് ജെം ടെസ്റ്റിംഗ് ലാബിൽ പാറകളുടേയും ധാതുക്കളുടേയും തിൻസെക്ഷൻ പരിശോധന, രത്നക്കല്ലുകൾ പരിശോധിച്ച് അവയുടെ ഇനവും സ്വാഭാവിക സ്റ്റോൺ ആണോ സിന്തറ്റിക് സ്റ്റോൺ ആണോ എന്നും പരിശോധിച്ച് റിപ്പോർട്ടും സർട്ടിഫിക്കറ്റും നൽകുന്നു.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

257 (2495) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.)-ലെ രാസമാലിന്യങ്ങൾ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് കൈമാറാൻ നീക്കമുണ്ടായിരുന്നോ ; ഇതിനായി കണക്കാക്കിയിരുന്ന മതിപ്പു ചെലവ് എത്രയായിരുന്നു ; വ്യവസായ വകുപ്പ് ഈ നീക്കം റദ്ദ് ചെയ്യാൻ കാരണമെന്തായിരുന്നു ;

(ബി) വ്യവസായ വകുപ്പ് റദ്ദ് ചെയ്ത പ്രസ്തുത കരാർ പുനഃസ്ഥാപിക്കുന്നതിനായി ഗ്രീൻ ട്രൈബ്യൂണലിൽ കേസ് പുരോഗമിക്കവേ തൊഴിൽ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം കോടതിക്കു പുറത്തു ധാരണയുണ്ടാക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു കമ്പനിയുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ രാസ മാലിന്യമായ അയൺ ഓക്സൈഡിന്റെ ചെറിയൊരു ഭാഗം കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് 2010-ഒക്ടോബർ മുതൽ 2014 ആഗസ്റ്റ് വരെ നൽകിക്കൊണ്ടിരുന്നു. 2004-ൽ സുപ്രീം കോടതിയുടെ മോണിറ്ററിംഗ് സമിതി സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങളെക്കുറിച്ച് പരിശോധിച്ച് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മറ്റ് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത മേഖലയിൽ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ആരംഭിച്ചത്. അപകടകരമായ രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേരളത്തിൽ നിലവിലുള്ള ഏക സ്ഥാപനമാണിത്. കെ.എം.എം.എൽ.-ന്റെ ശേഖരത്തിലുള്ള ഏകദേശം 2.5 ലക്ഷം ടൺ അയൺ ഓക്സൈഡിന്റെ ഒരു ചെറിയ അളവായ 9162 ടൺ മാത്രമാണ് ഈ സ്ഥാപനത്തിന് സംസ്കരിക്കാനായി നൽകിയിട്ടുള്ളത്. ഇതിന് ചെലവായ മൊത്തം തുക ഏകദേശം 3 കോടി 16 ലക്ഷം രൂപയാണ്. അയൺ ഓക്സൈഡ് ഇവിടെ ശേഖരിക്കുകയും ഉത്പാദിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് പരിസര മാലിന്യം ഉണ്ടാകുന്നുണ്ടോ ഉണ്ടെങ്കിൽ അതിന് പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി National Environment Engg & Research Institute നാഗ്പൂർ-നെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവരുടെ നിർദ്ദേശങ്ങൾ ഏപ്രിൽ 2015-ൽ ലഭിക്കുന്ന മുറയ്ക്ക് ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശ പ്രകാരം വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. അയൺ ഓക്സൈഡ് മാലിന്യം നീക്കം ചെയ്യുന്നത് അടുത്ത ഒരു തീരുമാനം ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഗ്രീൻ ട്രിബ്യൂണലിൽ കെ.എം.എം.എൽ.-ന് എതിരായുള്ള കേസിൽ പറഞ്ഞിരിക്കുന്ന പരാതിയിൽ എന്ത് നടപടികൾ കൈക്കൊള്ളണം എന്നതിനെ കുറിച്ച് ബഹു. തൊഴിൽ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ വിഷയങ്ങളിൽ ഒന്നുമാത്രമായിരുന്നു കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നത് സംബന്ധിച്ചുള്ളത്. ഇത് പ്രാബല്യത്തിലുണ്ടായിരുന്ന ധാരണ പ്രകാരമുള്ള മാലിന്യ നീക്കം സംബന്ധിച്ച് മാത്രമാണ്. അത് നിയമ പ്രകാരം കെ.എം.എം.എൽ. പാലിക്കേണ്ടതായതുകൊണ്ടാണ് ഉൾപ്പെടുത്തിയത്. കൂടാതെ ഗ്രീൻ ട്രിബ്യൂണലിൽ നൽകിയിരിക്കുന്ന കേസിലെ ഒരപേക്ഷകൂടിയാണിത്. കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം നൽകുന്നത് നിർത്തിവയ്ക്കാനായി നിർദ്ദേശം നൽകിയതിനുശേഷം ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശപ്രകാരമല്ലാതെ ഒരു യോഗവും നടത്തിയിട്ടില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് കമ്പനിക്ക് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. എന്നാൽ അപകടകരമായ അയൺ ഓക്സൈഡ് മാലിന്യം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം കൈകാര്യം ചെയ്യേണ്ടത് നിയമപ്രകാരം കമ്പനിയുടെ ഉത്തരവാദിത്തമാണ്.

കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനം

258 (2496) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ - കരിന്തളം പഞ്ചായത്തിലെ കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കമ്പനിയുടെ അപേക്ഷ പ്രകാരമാണ് ഇത്തരത്തിൽ നടപടികൾ തുടങ്ങാൻ ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 198/പാർട്ട് ഉൾപ്പെടുന്ന 80.9370 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ജി.ഒ. (എംഎസ്.) 54/07/ഐ.ഡി. തീയതി 25-4-2007 പ്രകാരം ബോക്സൈറ്റ് ഖനനത്തിന് മെ. ആഷാപുര മൈൻകെം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വ്യാപക പരാതിയും, പ്രസ്തുത ഭൂമി സീറോ ലാൻഡ് ലെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly